

# പടവുകൾ

## അക്കാദമിക മാസ്റ്റർപ്ലാൻ 2025–26

### ഗവ. യു പി എസ്, കല്ലൂർ

# പടവുകൾ

## അക്കാദമിക മാസ്റ്റർപ്ലാൻ
## 2025 – 26

### ഗവ. യു പി എസ്, കല്ലൂർ

വിദ്യാഭ്യാസജില്ല–തിരുവനന്തപുരം
ഉപജില്ല–കണിയാപുരം

# ഉള്ളടക്കം


1. വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലഘുചരിത്രം
4. കെട്ടിട സൗകര്യം
5. നിലവിലെ അവസ്ഥാ വിശകലനം
6. സ്കൂൾ നേരിടുന്ന വെല്ലുവിളികൾ
7. ലക്ഷ്യങ്ങൾ
8. പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ
9. പദ്ധതി വിശദാംശങ്ങൾ

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | .. | ഗവ. യു. പി. എസ്. കല്ലൂർ |
| സ്കൂൾ കോഡ് | .. | 43449 |
| വിദ്യാഭ്യാസ ജില്ല | .. | തിരുവനന്തപുരം |
| ഉപജില്ല | .. | കണിയാപുരം |
| റവന്യൂജില്ല | .. | തിരുവനന്തപുരം |
| ബി. ആർ. സി. | .. | കണിയാപുരം |
| സി. ആർ. സി. | .. | പോത്തൻകോട് |
| ഗ്രാമപഞ്ചായത്ത് | .. | പോത്തൻകോട് |
| ബ്ലോക്ക് പഞ്ചായത്ത് | .. | കഴക്കൂട്ടം |
| ജില്ലാപഞ്ചായത്ത് | .. | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | .. | നെടുമങ്ങാട് |
| ലോകസഭാമണ്ഡലം | .. | ആറ്റിങ്ങൽ |
| താലൂക്ക് | .. | തിരുവനന്തപുരം |
| വില്ലേജ് | .. | മേൽതോന്നയ്ക്കൽ |
| ഇ-മെയിൽ | .. | gupskalloor@gmail.com |

# ആമുഖം

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ സർക്കാർ വിദ്യാലയങ്ങളും വൈവിധ്യമാർന്ന വിദ്യാലയ ശാക്തീകരണ പരിപാടികളിലൂടെ മുന്നോട്ടുപോകുകയാണ്. സർക്കാർ വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന ഓരോ കുട്ടികളുടെയും ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് വിദ്യാലയത്തിന്റെയും സമൂഹത്തിന്റെയും സർക്കാരിന്റെയും ചുമതലയാണ്. പൊതുവിദ്യാലയങ്ങളെല്ലാം തന്നെ മാറ്റങ്ങളുടെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതാത് സ്കൂളിന്റെയും പ്രദേശത്തിന്റെയും അവസ്ഥകൾ തിരിച്ചറിയുകയും വികസനത്തിന് വേണ്ട ലക്ഷ്യങ്ങൾ നിർണയിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് ഇതിൽ അധ്യാപകരുടേയും രക്ഷിതാക്കളുടേയും പി.ടി.എ.യുടേയും വികസനസമിതിയുടെയും അഭ്യുദയകാംക്ഷികളുടെയും ജനപ്രതിനിധികളുടെയും വിവിധ മേഖലകളിലെ പ്രതിഭകളുടെയും സഹായവും സഹകരണവും കൂട്ടായ പ്രവർത്തനവും അനിവാര്യമാണ്. വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയും കരിക്കുലം ലക്ഷ്യമിടുന്ന പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുകയും കുട്ടികളിലെ സവിശേഷ പ്രതിഭകൾ കണ്ടെത്തി അവയുടെ വികസനത്തിന് വേണ്ട അവസരങ്ങളൊരുക്കുകയും ചെയ്യുന്നതിന് സാധ്യതയുള്ള ഇടങ്ങളാക്കി വിദ്യാലയങ്ങളെ മാറ്റുക എന്നതാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കല്ലൂർ ഗവ. യു.പി.എസിന്റെ സമഗ്രവികസനത്തിനും അക്കാദമിക മികവുകളുടെ വികസനത്തിനും നിലവിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾക്ക് പുറമെ നൂതനമായ പ്രവർത്തനങ്ങൾ കൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ഇവയുടെ പൂർണമായ ഫലപ്രാപ്തിക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കേണ്ടതിനും വേണ്ട പ്രവർത്തനങ്ങൾ കൂടി ആസൂത്രണം ചെയ്യുന്നു.

# ലഘുചരിത്രം

കൊല്ലവർഷം 1904-ൽ കല്ലൂർ മുസ്ലിം പള്ളിക്ക് സമീപം കുടിപള്ളിക്കൂടമായി കല്ലൂർ ഗവ. യു. പി. എസ്. സ്ഥാപിതമായി ശ്രീ. അമീൻപിള്ള ലബ്ബയായിരുന്ന സ്ഥാപകൻ. സിറാജ് മുസ്ലീം പ്രൈമറി സ്കൂൾ എന്ന പേരിലാണ് ഈ സ്ഥാപനം തുടക്കമിട്ടത്. ശ്രീ. കൃഷ്ണപിള്ളയായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. നാലാം ക്ലാസിന് അനുവാദം കിട്ടയപ്പോഴേക്കും ശ്രീ. കരൂർ ദാമോദരക്കുരിക്കളെ പ്രധാനാധ്യാപകനായി നിയമിച്ചു. പിന്നീട് ചില സാമ്പത്തിക ബുദ്ധിമുട്ടുകൾ വന്നപ്പോൾ മാനേജർ ഇടയില വീട്ടിൽ ശ്രീ. മുഹമ്മദ് അലിക്ക് സ്കൂൾ വിലയ്ക്ക് കൈമാറി. കൊല്ലവർഷം 1914-ൽ സർ സി. പി. രാമസ്വാമി അയ്യർ ജില്ലയിലെ കുടിപള്ളിക്കൂടങ്ങളെ ഏറ്റെടുത്ത് നവീകരിച്ചപ്പോൾ ഈ സ്കൂളും ഉൾപ്പെട്ടു 1961-ൽ ഈ വിദ്യാലയം യു. പി. ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന് സമീപം പോത്തൻകോട്–മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തുള്ള കല്ലൂർ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു. ഈ സ്കൂൾ ഒരു ഹൈസ്കൂളാക്കി ഉയർത്തണമെന്നത് പി. ടി. എ.-യുടെയും രക്ഷിതാക്കളുടെയും ആവശ്യമാണ്.

# കെട്ടിട സൗകര്യം

ആദ്യകാലഘട്ടം മുതൽ സ്കൂൾ പ്രവർത്തനങ്ങൾ നടന്നിരുന്ന ഓടിട്ട പ്രധാന കെട്ടിടം, എസ്. എസ്. എ. ഫണ്ടിൽ നിന്നും ലഭ്യമായ ഒറ്റമുറികെട്ടിടം, റൗണ്ട് ടേബിൾ 66-ന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ ഡൈനിംഗ് ഹാൾ, ലാബ്, ലൈബ്രറി, പ്രീ-പ്രൈമറി ബ്ലോക്കുകൾ, നെടുമങ്ങാട് മുൻ എം. എൽ. എ. ശ്രീ പാലോട് രവിയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സുവർണജൂബിലി സ്മാരക മന്ദിരം ഉൾപ്പെടെ പര്യാപ്തമായ അളവിൽ ക്ലാസ് റൂം സൗകര്യങ്ങൾ സ്കൂളിന് ലഭ്യമാണ്. എങ്കിലും ഓടിട്ട പ്രധാന കെട്ടിടത്തിന്റെ ചോർച്ചയും വവ്വാൽ ശല്യവും കാരണം പല റൂമുകളും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യങ്ങളാണുള്ളത്. കൂടാതെ ചുറ്റും മരങ്ങളാൽ നിറഞ്ഞ പ്രദേശമായതിനാൽ ഓടിട്ട കെട്ടിടത്തിന് അപകടാവസ്ഥയുമുണ്ട്. ഇവ പരിഹരിക്കുന്നതിന് പ്രധാന കെട്ടിടം വാർത്ത്, അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കി മാറ്റേണ്ടതാണ്.

# കുട്ടികളുടെ എണ്ണം

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 2010-11 | 192 | 169 | 361 |
| 2011-12 | 131 | 131 | 262 |
| 2012-13 | 117 | 114 | 231 |
| 2013-14 | 89 | 91 | 180 |
| 2014-15 | 78 | 90 | 168 |
| 2015-16 | 81 | 77 | 158 |
| 2016-17 | 91 | 76 | 167 |
| 2017-18 | 84 | 76 | 160 |
| 2018-19 | 94 | 81 | 175 |
| 2019-20 | 98 | 85 | 183 |
| 2020-21 | 100 | 80 | 180 |
| 2021-22 | 114 | 81 | 195 |
| 2022-23 | 114 | 97 | 211 |
| 2023-24 | 109 | 96 | 205 |
| 2024-25 | 96 | 90 | 186 |
| 2025-26 | 87 | 119 | 206 |

# നിലവിലെ അവസ്ഥാ വിശകലനം

പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മംഗലപുരം പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്ത് വരുന്നതുമായ ഒരു യു. പി. സ്കൂളാണ് ഗവൺമെന്റ് യു. പി. എസ്. കല്ലൂർ. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടാത്ത ഈ സ്കൂളിൽ ഇന്ന് ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ 1 മുതൽ 4 വരെ ഓരോ ഡിവിഷനും 5, 6 ക്ലാസ്സുകളിൽ രണ്ട് ഡിവിഷനും 7 ക്ലാസിൽ ഒരു ഡിവിഷനും ആണുള്ളത്. കൂടാതെ എൽ. കെ. ജി., യു.കെ.ജി. ക്ലാസുകളും പ്രവർത്തിച്ചുവരുന്നു. പ്രൈമറി ക്ലാസിലെ 'വർണ്ണക്കൂടാരം' പദ്ധതി നടന്നുവരുന്നു. ഇവിടെ പഠനം നടത്തുന്ന കുട്ടികളിൽ അധികവും നിർധന കുടുംബ പശ്ചാത്തലമുള്ളവരാണെങ്കിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്നവരാണ്. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 250 കുട്ടികളാണ് ഇപ്പോൾ അധ്യയനം നടത്തി വരുന്നത്. പ്രഥമ അധ്യാപിക രണ്ട് P. D. അധ്യാപകർ 2 എൽ. പി. എസ്. ടി. 3 യു.പി.എസ്.ടി. ലാംഗ്വേജ് (അറബിക്, ഹിന്ദി) അധ്യാപകരും ഒരു ദിവസവേതന അധ്യാപികയും ഒരു ഹെഡ് ടീച്ചർ അധ്യാപികയും ഓഫീസ് അറ്റൻഡന്റ്, പി. ടി. സി. എം. രണ്ട് പ്രീപ്രൈറി അധ്യാപകർ എന്നിങ്ങനെ സ്റ്റാഫുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്കൂൾ ബസ് പ്രവർത്തിപ്പിക്കുന്നതിന് ഡ്രൈവർ, ആയമാരുടെ സേവനവും ഉച്ചഭക്ഷണപാചകത്തിന് ഒരു കുക്കും പ്രവർത്തിച്ചുവരുന്നു. പ്രവർത്തിപരിചയ മേളകൾ, കായികമേളകൾ, സബ്ജില്ലാ കലോത്സവം, അറബിക് മത്സരങ്ങൾ ഇവയിലൊക്കെ പങ്കെടുത്ത് മികച്ച വിജയം കൈവരിക്കാൻ ഇവിടുത്തെ കുട്ടികൾക്ക് കഴിയുന്നുണ്ട്. കായിക പരിശീലനത്തിന് ബി. ആർ. സി.-യിൽ നിന്ന് കായിക അധ്യാപകനും ഉണ്ട്. കൂടാതെ എൽ. എസ്. എസ്. യു. എസ്. എസ്. പരീക്ഷകളിലും മികച്ച വിജയം കൈവരിക്കാൻ ഇവിടത്തെ കുട്ടികൾക്ക് കഴിയുന്നുണ്ട്. യൂറീക്ക വിജ്ഞാനോത്സവത്തിൽ പങ്കെടുത്ത് മികച്ച വിജയം കുട്ടികൾ നേടുന്നുണ്ട്. പച്ചക്കറി കൃഷി, പൂന്തോട്ടം, ഔഷധത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി 'വായനാക്കളരി' എന്ന പേരിൽ ഒരു പരിപാടി നടന്നുവരുന്നു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രൈമറി ക്ലാസുകളും സ്കൂളിന് മുതൽക്കൂട്ടാണ്. എങ്കിലും സ്കൂളിൽ പുതുതായി എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണം കുറയുന്നത് ചിന്തനീയമായ വിഷയമാണ്. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, പോഷകാഹാര പരിപാടി ഇവയും കാര്യക്ഷമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. കുട്ടികളുടെ മാനസിക ഉല്ലാസത്തിനും സ്വയം പ്രതിരോധത്തിനും വേണ്ടി ആഴ്ചയിൽ ഒരു ദിവസം എന്ന രീതിയിൽ കരാട്ടെ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. പിന്നാക്കക്കാരായ കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനായി ഉച്ചയ്ക്ക് 1.30 മുതൽ 2 മണിവരെ പ്രത്യേക ക്ലാസുകൾ

നടന്നുവരുന്നു. ധാരാളം മരങ്ങൾ നിറഞ്ഞ മികച്ച ഒരു സ്കൂൾ അന്തരീക്ഷമാണ് നമ്മുടെ സ്കൂളിലുള്ളത്. ശുദ്ധമായ ശ്വസിക്കാൻ മറ്റേതൊരു സ്കൂളിനെക്കാളും ഞങ്ങളുടെ കുട്ടികൾക്ക് കഴിയുന്നു.

സ്കൂൾ വികസന ലക്ഷ്യത്തിന് എസ്. എം. സി., പി. ടി. എ., എം. പി. ടി. എ. കമ്മറ്റി അംഗങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്. എം. എൽ. എ. ഫണ്ടും പി. ടി. എ. സമാഹരണ ഫണ്ടും ഉപയോഗിച്ചു വാങ്ങിയിട്ടുള്ള സ്കൂൾ വാഹന സൗകര്യം ലഭ്യമാണ്. എന്നാൽ വാഹനം 12 വർഷത്തെ പഴക്കമുണ്ട്. വാഹനത്തിന്റെ മെയിന്റനൻസ്, ഇന്ധനച്ചെലവ്, ഡ്രൈവർ, ആയ ഇവർക്ക് വേണ്ട സാമ്പത്തിക സഹായം കണ്ടെത്തുക പ്രയാസമുള്ള കാര്യമാണ്, പുതിയതായി ഒരു സ്കൂൾ വാഹനത്തിന്റെ ആവശ്യകത സ്കൂളിന് അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ എൽ. പി. ക്ലാസുകൾ ഇന്നും ഓടിട്ട കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്കൂൾ ബിൽഡിങ് അനിവാര്യമാണ്.

## സ്കൂൾ നേരിടുന്ന വെല്ലുവിളികൾ (അക്കാദമികം)

- ഐ. സി. ടി. അധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലുള്ള ബുദ്ധിമുട്ട്
- തുടർച്ചയായി വീടുകളിൽ പഠനാന്തരീക്ഷം ഒരുക്കുന്നതിൽ രക്ഷിതാവ് നേരിടുന്ന ബുദ്ധിമുട്ട്
- പഠനോപകരണങ്ങളുടെ അപര്യാപ്തത
- കളി ഉപകരണങ്ങളുടെ അപര്യാപ്തത
- രക്ഷിതാക്കളുടെ ക്ലാസ് P.T.A. കളിലെ ഹാജർ നിലയിലെ കുറവ്
- ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്കുള്ള പ്രാവീണ്യക്കുറവ്

## ഭൗതികം

- യോഗങ്ങൾ നടത്തുന്നതിനുള്ള ഓഡിറ്റോറിയം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട്
- ഐ. സി. ടി., ശാസ്ത്ര ലാബുകളുടെ അപര്യാപ്തത
- സ്പോർട്സ് കോർട്ടുകളുടെ അപര്യാപ്തത
- ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അടുക്കള, ഡൈനിങ് ഹാൾ ഇവയുടെ കുറവ്.

## ലക്ഷ്യങ്ങൾ

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബ് എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
- ഓരോ ക്ലാസ്സിലെയും പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായ വിധത്തിൽ ഐ. സി. റ്റി. സാധ്യതകൾ വികസിപ്പിക്കുകയും കംപ്യൂട്ടർ ലാബ് നവീകരിക്കുകയും അക്കാദമിക തയ്യാറെടുപ്പുകൾ ഉറപ്പാക്കുകയും ചെയ്യുക.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിക്കുക.
- വായനാപരിപോഷണവും ലൈബ്രറി ശാക്തീകരണവും.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണപ്രവർത്തനങ്ങൾ, ആഘോഷങ്ങൾ എന്നിവ സാധ്യമാക്കൽ.
- കീടനാശിനിമുക്ത–പ്ലാസ്റ്റിക് രഹിത–മാലിന്യ മുക്ത–ലഹരിരഹിത കാമ്പസ് നടപ്പിലാക്കുക.
- കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂൾ ഇടങ്ങൾ തയ്യാറാക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് കലാ കായിക പ്രവൃത്തി പരിചയ—സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കുക.
- കുട്ടികളുടെ ശാരീരിക മാനസികാരോഗ്യ വികസനത്തിന് വേണ്ട പദ്ധതികൾ ഉറപ്പാക്കുക.
  (പോഷകാഹാരം, കൗൺസിലിംഗുകൾ)
- സ്ത്രീസുരക്ഷ, സ്ത്രീശാക്തീകരണം എന്നിവയ്ക്കുള്ള സാഹചര്യങ്ങളൊരുക്കുക—സ്വാശ്രയശീലം വളർത്തുക.
  (കരാട്ടേ പരിശീലനം, തൊഴിൽ പരിശീലനങ്ങൾ—സോപ്പ്, ലോഷൻ, ചന്ദനത്തിരി നിർമ്മാണം, തയ്യൽ, സൈക്ലിംഗ്) വൈഭവങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- ടാലന്റ് ലാബ് പ്രാവർത്തികമാക്കാനുള്ള സാഹചര്യമൊരുക്കുക.
  (ഗായകർ, മേളക്കാർ, എഴുത്തുകാർ, കവികൾ, കഥാകാരന്മാർ, ചിത്രകാരന്മാർ, അഭിനേതാക്കൾ, നർത്തകർ, പ്രാസംഗികർ, ശാസ്ത്രജ്ഞന്മാർ)
- സാമൂഹികബോധം വളർത്തൽ.
- സേവന പ്രവർത്തനങ്ങൾക്ക് (സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിന്) അവസരമൊരുക്കുക. (തണൽ പദ്ധതി)

- ഗ്രാമീണ സംഗമം (പ്ലാസ്റ്റിക്—ലഹരി—മാലിന്യ വിമുക്ത ഹരിത കാമ്പസ്), പി.റ്റി.എ.—കാര്യക്ഷമമാക്കൽ.
- ഗണിതം—അടിസ്ഥാനശേഷിയിലെ പരിമിതികൾ മറികടക്കൽ.
- സ്കൂൾ ലബോറട്ടറികൾ ആധുനികവത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കൽ.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കൽ.
- അധ്യാപക ശാക്തീകരണം ഉറപ്പാക്കൽ.
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- ശാസ്ത്രരംഗത്ത് നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി വികസിപ്പിക്കുക
- സമീപത്തുള്ള സാമൂഹികവും ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ച് അവബോധം ഉണർത്തുക
- കുട്ടികളുടെ ആകാശവാണി സ്കൂൾ റേഡിയോ അവതരണ മികവ് ആത്മവിശ്വാസംവളർത്തിയെടുക്കുക
- കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക
- ശാസ്ത്രരംഗത്ത് നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായിപ്രയോജനപ്പെടുത്തുക
- ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി വികസിപ്പിക്കുക
- സമീപത്തുള്ള സാമൂഹികവും ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ച് അവബോധം ഉണർത്തുക
- കുട്ടികളുടെ ആകാശവാണി സ്കൂൾ റേഡിയോ അവതരണ മികവ് ആത്മവിശ്വാസം വളർത്തിയെടുക്കുക
- ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി വികസിപ്പിക്കുക
- കുട്ടികളിൽ സാന്മാർഗിക ചിന്ത വളർത്തുക
  ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ തിരിച്ചറിയുക
- പൊതു ആരോഗ്യം, വ്യായാമം, പോഷക ആഹാരം, വ്യത്യസ്തമായ ഭക്ഷണങ്ങൾ എന്നിവ തിരിച്ചറിയുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സാഹിത്യ ബോധം വളർത്തുന്നു | 1) സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി<br>**വളരുന്ന സാഹിത്യ ഗാലറി**<br>പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ വിവരണങ്ങൾ കൃതികൾ എന്നിവ ഉൾപ്പെടുത്തി ജീവചരിത്ര ക്കുറിപ്പുകളുടെ ശേഖരണം.<br>❖ സ്വതന്ത്ര രചന സൃഷ്ടികൾ<br>❖ പാഠഭാഗവുമായി ബന്ധപ്പെട്ട മാഗസിനുകൾ<br>2) ചുമർ നിഘണ്ടു<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പരിചയപ്പെടുന്ന പുതിയ പദങ്ങൾ, പദക്കൂട്ടുകൾ എന്നിവ ഉൾപ്പെടുത്തി ചുമർ നിഘണ്ടു നിർമ്മാണം.<br>**അക്ഷരക്കൂട്ടം വായനക്കൂട്ടം** | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |
| ആത്മവിശ്വാസത്തോടെയുള്ള സ്വതന്ത്ര വായന സ്വതന്ത്ര രചന | • പ്രീ ടെസ്റ്റ് നടത്തി ക്ലാസിലെ വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.<br>• 3 ഗ്രൂപ്പുകൾ ആക്കുന്നു<br>a) അക്ഷരക്കൂട്ടം<br>b) വായനക്കൂട്ടം<br>c) എഴുത്തുകൂട്ടം<br>പഠനോപകരണ നിർമ്മാണ ശില്പശാലയിലൂടെ അക്ഷര കാർഡുകൾ, പദക്കാറുകൾ ചിത്രകഥകൾ, അക്ഷര പോക്കറ്റുകൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കുന്നു.<br>ക്ലാസിലെ വിവിധ ഗ്രൂപ്പുകൾക്ക് നിലവാരത്തിനനുസൃതമായ പ്രവർത്തനങ്ങൾ നൽകി അക്ഷരങ്ങൾ, വായന, എഴുത്ത് ഉറപ്പിക്കുന്നു. | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |

| | | | | |
|---|---|---|---|---|
| | **വിവിധ പ്രവർത്തനങ്ങൾ**<br>അക്ഷരവായന, ചിത്രവായന, ചിഹ്നം ചേർക്കൽ, അമ്മ വായന, കുട്ടി വായന, കഥാരചന, കവിത, കടങ്കഥ നിർമാണം, പോസ്റ്റർ നിർമ്മാണം, വർണ്ണനകൾ, കുറിപ്പുകൾ, വിവരണങ്ങൾ.<br>വായനോത്സവം<br>രചനോത്സവം<br>പുസ്തക രചന<br>ഭാഷോത്സവത്തിൽ വ്യക്തിഗത പുസ്തക പ്രകാശനം. | | | |
| വായന പരിപോഷിപ്പിക്കൽ ആശയ ഗ്രഹണ ശേഷി വികാസം | **പത്രവായനയും സമ്മാനവും**<br>➢ ഓരോ ദിവസവും ക്ലാസിൽ പത്രവാർത്ത എഴുതി അവതരിപ്പിക്കൽ.<br>➢ വാർത്തയുടെ അടിസ്ഥാനത്തിൽ ആഴ്ചതോറും ക്വിസ് നടത്തി സമ്മാനദാനം നടത്തുന്നു. | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |
| കുട്ടികളുടെ സർഗാത്മക രചനാ ശേഷി പോഷണം | സംയുക്ത ഡയറി (1, 2)<br>സർഗ്ഗാത്മക ഡയറി (3, 4)<br>കുട്ടികളുടെ അനുഭവങ്ങൾ സർഗാത്മകമായി അവതരിപ്പിച്ച് അമ്മമാരുടെ സഹായത്തോടെ ഡയറി എഴുതുന്നു.<br>അനുഭവങ്ങൾ ചിത്രങ്ങളായും കുറിപ്പുകളായും അവതരിപ്പിക്കുന്നു.<br>പ്രകൃതിയുമായി ബന്ധപ്പെടുത്തി കുട്ടികളുടെ അനുഭവങ്ങൾ വ്യത്യസ്ത വ്യവഹാര രൂപത്തിൽ എഴുതുന്നു. | | | |
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | **റീഡേഴ്സ് തിയേറ്റർ**<br>പാഠഭാഗത്തെ വിവരണങ്ങൾ, കഥകൾ, നാടകം, ആഖ്യാനം എന്നിവ ശബ്ദ വ്യതിയാനത്തോടെ വായിച്ച അവതരിപ്പിക്കുന്നു. | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |

| ലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വായന ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് അറിയാവുന്ന സാഹിത്യകാരന്മാരുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുന്നു, ഉത്പന്നങ്ങൾ സാഹിത്യ ഗാലറിയിലേക്ക് മാറ്റുന്നു.<br><br>കേരളപിറവിയോടനുബന്ധിച്ച് കേരളത്തിന്റെ പ്രകൃതി ഭംഗി വർണ്ണിക്കുന്ന കവിതകൾ കുട്ടികൾ തയ്യാറാക്കുന്നു, ഉത്പന്നങ്ങൾ മാഗസിൻ ആക്കി സാഹിത്യ ഗാലറിയിലേക്ക് മാറ്റുന്നു. | | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ |
| | വായന ദിനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ വായന മത്സരം, അമ്മവായന, കുട്ടിവായന എന്നിവ സംഘടിപ്പിക്കുന്നു. വായിച്ച കഥകളുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കി മാഗസിൻ ആക്കി പ്രസിദ്ധീകരിക്കുന്നു. | | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ |
| | ൽ<br>വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെകുറിച്ചുള്ള ബോധം വളർത്തുക. | | | |

| | | | | |
|---|---|---|---|---|
| | **പാട്ടരങ്ങ്, കാവ്യോത്സവം**<br>ഏകദിന ശില്പശാല സംഘടിപ്പിച്ച് പ്രാദേശിക സംഗീതോപ കരണങ്ങളുടെ നിർമ്മാണം.<br>പാഠഭാഗങ്ങളെ കവിതാ രൂപത്തിലേക്ക് മാറ്റിയെഴുതുന്നു. കവിത കാർഡ് നിർമ്മാണം. ഭാഷോത്സവം സംഘടിപ്പിക്കുന്നു. പാട്ടരങ്ങ്, കാവ്യോത്സവം സംഘടിപ്പിക്കുന്നു. | | | |
| പ്രവർത്തന ഗണിതങ്ങളിൽ മികവ് നേടൽ | ❖ ഗണിത ക്ലബ്ബ് ഉദ്ഘാടനം<br>❖ മഞ്ചാടിച്ചെപ്പ് നിർമ്മാണം<br>ഗണിത പാഠവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ കിറ്റ്<br>**ഗണിത വിസ്മയം**<br>ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത കളികൾ, പസിലുകൾ, കുസൃതി കണക്കുകൾ എന്നിവയുടെ അവതരണം.<br>**കുട്ടിപ്പീടിക**<br>സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ ഒരു കുട്ടി പീടിക ഒരുക്കുന്നു. സ്റ്റേഷനറീസ്, സ്വീറ്റ്സ് എന്നിവയുടെ വിപണനം.<br>**വിജ്ഞാന ഗണിതം**<br>➢ ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് നടത്തുന്നു.<br>➢ മാഗസിൻ പ്രകാശനങ്ങൾ ഗണിത കാർണിവൽ സംഘടിപ്പിക്കുന്നു. | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 10,000 രൂപ |
| വായന പരിപോഷണം | **കല്ലൂർ സൗഹൃദ വായന**<br>❖ കഥാപുസ്തകങ്ങൾ വായിച്ച് ആസ്വാദനം Whatsapp Group-ലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നു. | ദീർഘ കാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |

| | | | | |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ | **എന്റെ ശാസ്ത്ര പരീക്ഷണം**<br>➢ പുതുമയുള്ള ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ സ്വന്തമായി ചെയ്ത് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്നു. | ദീർഘകാലം | അധ്യാപകർ, പി. ടി. എ. | 5,000 രൂപ |
| | **ഭാഷാശേഷി വികസനം** | | | |
| സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും വിവിധ ഭാഷകളിൽ (മലയാളം ഇംഗ്ലീഷ് ഹിന്ദി അറബ്) അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക | **(മലയാളം ഇംഗ്ലീഷ് ഹിന്ദി അറബ്)**<br>ഏപ്രിൽ, മെയ് മാസങ്ങളിലായി നാല് ദിവസത്തെ പഠനോപകരണ നിർമ്മാണ ശില്പശാല- രക്ഷിതാക്കളുടെ സഹകരണത്തോടെ അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, ചിത്രകഥകൾ, അക്ഷരത്തമ്പോലകൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കുന്നു. മെയ് മാസവസാനം ടൂൾ തയ്യാറാക്കി ജൂണിൽ പ്രീ ടെസ്റ്റ്. ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പഠനം പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും ഇവയുടെ സഹായത്തോടെ എഴുത്തും വായനയും ഉറപ്പിക്കാനായി ഉച്ചയ്ക്ക് 1 മണിമുതൽ 1.45 വരെ അക്ഷര ക്ലാസ് സംഘടിപ്പിക്കുന്നു. പ്രത്യേകം തയ്യാറാക്കിയ ടൈംടേബിൾ അനുസരിച്ച് വിവിധ വിഷയങ്ങൾ ബന്ധിപ്പിക്കുന്നു. ഇതേസമയം മുന്നോക്കക്കാർക്കായി രചന പ്രവർത്തനങ്ങൾ (കഥ, കവിത, കടങ്കഥ നിർമാണം, പോസ്റ്റർ നിർമ്മാണം, വർണ്ണനകൾ, കുറിപ്പുകൾ, വിവരണങ്ങൾ, കത്തുകൾ, നോട്ടീസുകൾ നൽകാം) | ദീർഘകാലം | ഭാഷാധ്യാപകർ, ട്രെയിനർമാർ, അധ്യാപകർ | 3000, സ്പോൺസർഷിപ്പ്, സ്കൂൾ ഗ്രാൻഡ് |
| | **വായന** | | | |
| വായന പരിപോഷണവും | **ജന്മദിന പുസ്തകം**<br>കുട്ടികൾ പിറന്നാളിന് മിഠായി നൽകുന്നതിന് പകരം ഒരു | ജൂൺ-മാർച്ച് | സ്കൂൾ ലൈബ്രറി | |

| | | | | |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണവും | പുസ്തകം സ്കൂളിലെ ലൈബ്രറിക്ക് സംഭാവന ചെയ്യുന്നു | | ചുമതലയുള്ള ടീച്ചർ, ക്ലാസ്സ് തല ലൈബ്രറികൾ | |
| വായന പരിപോഷണം | **വാർത്ത വായന**<br>അസംബ്ലിയിൽ വാർത്ത വായന ക്ലാസുകളിൽ പത്രങ്ങൾ പ്രദർശിപ്പിച്ച് വായന, വാർത്താ ബോർഡ്, പ്രധാന വാർത്തകളും സ്കൂൾ വാർത്തകളും എഴുതി പ്രദർശിപ്പിച്ചു വായന, സ്കൂൾ പത്ര വായന | വർഷം മുഴുവനും | ക്ലാസ്സ് അധ്യാപകർ | |
| മേളകൾ | **സ്കൂളിലെ ശാസ്ത്രമേളകൾ**<br>എല്ലാ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കാൻ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബുകൾ | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | **മോക് പാർലമെൻറ്**<br>പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇടവേളകളിൽ പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ മൂന്ന് സമ്മേളനം | എസ്. ആർ. ജി. സ്കൂൾ പാർലമെന്റ് | |
| എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും സജ്ജരാക്കുക | ഓരോ ക്ലാസിലും ഇംഗ്ലീഷ് കോർണർ, ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അവ വായിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ ലൈബ്രറിയിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് കുട്ടികൾക്ക് വായിക്കുന്നതിനുള്ള അവസരം നൽകുന്നു. ഇംഗ്ലീഷ് വർത്തമാനപത്രങ്ങൾ | ദീർഘകാലം | അധ്യാപകർ, പി. ടി. എ. | |

| | | | | |
|---|---|---|---|---|
| | മാഗസിനുകൾ എന്നിവ വായിക്കുന്നതിനുള്ള അവസരം നൽകുന്നു. മാസത്തിൽ ഒരിക്കൽ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.<br>**കരാട്ടെ പരിശീലനം** | | | |
| കുട്ടികൾക്ക് ആരോഗ്യമുള്ള മനസ്സും ശരീരവും പ്രധാനം ചെയ്യൽ | യോഗ്യരായ പരിശീലകരെ കണ്ടെത്തി എൽ. പി., യു. പി. വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം നൽകുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | അധ്യാപകർ, പി. ടി. എ. | |
| ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ പ്രയോജനപ്പെടുത്തുക | **ജൈവവൈവിധ്യ പാർക്ക്, ജൈവ പച്ചക്കറി കൃഷി, ഔഷധ സസ്യത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം**<br>സ്കൂളിന് ഒരു ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കുന്നു. കൂടാതെ വിവിധതരത്തിലുള്ള കൃഷികൾ നടത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നു. ശാസ്ത്രീയ കൃഷി രീതികൾ നടപ്പിലാക്കുന്നതിന് സഹായങ്ങൾ തേടി ജൈവവൈവിധ്യ പാർക്കിന്റെ വിപുലീകരണം ഉറപ്പാക്കുന്നു. ഔഷധസസ്യങ്ങളുടെ പേരുകൾ എഴുതി പ്രദർശിപ്പിക്കുക, തോട്ടത്തിന് ചുറ്റും ജൈവവേലികൾ നിർമ്മിക്കുക, ക്യാമ്പസിലെ സസ്യങ്ങളുടെ ഇനം തിരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | പരിസ്ഥിതി കൺവീനർ, ക്ലബ്ബ് അംഗങ്ങൾ, അധ്യാപകർ, പി.ടി.എ. | സ്പോൺസർഷിപ്പ് |
| **കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക** | **ശാസ്ത്ര ലൈബ്രറി**<br>**ശാസ്ത്ര അവബോധം വളർത്തുന്നതിന് ക്ലാസ്സുകളിൽ ശാസ്ത്ര മാസികളകൾ ശാസ്ത്ര രചനകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു** | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രരംഗത്ത് നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായിപ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ ചരിത്രാവബോധം വളർത്തുന്ന കൂടുതൽ കണ്ടെത്തലുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | അദ്ധ്യാപകൻ | സയൻസ് ക്ലബ് ക്ലബ്ബുകൾ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി വികസിപ്പിക്കുക | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തിയ ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. പരീക്ഷണത്തിനു വേണ്ടി നിത്യോപയോഗ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണ കിറ്റുകൾ തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ് |
| സമീപത്തുള്ള സാമൂഹികവും ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ച് അവബോധം ഉണർത്തുക | **നാടറിയാം നമുക്കറിയാം**<br>പ്രദേശത്ത് പ്രദേശത്തെ സാമൂഹികമായും ചരിത്രപരമായും പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിവ് പകരാനായി പ്രദേശങ്ങൾ സന്ദർശനം കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ് എസ് എസ് ക്ലബ് | സോഷ്യൽ സയൻസ് ക്ലബ്ബ് |
| കുട്ടികളുടെ ആകാശവാണി സ്കൂൾ റേഡിയോ അവതരണ മികവ് ആത്മവിശ്വാസം വളർത്തിയെടുക്കുക | **റേഡിയോ ക്ലബ്ബ്**<br>മലയാളം ഹിന്ദി ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കുട്ടികൾ അവരുടെ സർഗ്ഗവാസനകൾ അവതരിപ്പിക്കുന്നു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കഥ, കവിത എന്നിവ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു പ്രാദേശിക ചരിത്രവുമായി ബന്ധപ്പെട്ട ഐതിഹ്യം കഥകൾ എന്നിവ ഡോക്യുമെന്ററിയായും വാമൊഴിയായും അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ അധ്യാപകൻ | അധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി വികസിപ്പിക്കുക | **ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം**<br><br>കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്<br>• റോൾ പ്ളേ<br>• സ്റ്റോറി ടെല്ലിങ്<br>• സ്റ്റോറി കോംപ്രെൻഷൻ<br>• പ്ലേ കമ്മ്യൂണിക്കേറ്റീവ് ഗെയിംസ്<br>• ഡിബേറ്റ്സ് (ഇൻ സിമ്പിൾ ഇന്റെരെസ്റ്റിംഗ് സബ്ജക്ട്)<br>• ഇന്റർവ്യൂസ് | | ഒരു അധ്യയന വർഷം ചുമതലയുള്ള അധ്യാപകർ | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി വികസിപ്പിക്കുക | **ഇംഗ്ലീഷ് തീയേറ്റർ**<br><br>ഇംഗ്ലീഷ് തീയേറ്റർ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കുവാനുള്ള അവസരം സ്കിറ്റ് കൊറിയോഗ്രാഫി ആക്ഷൻ സോങ്<br><br>**ഇംഗ്ലീഷ് സ്പീച്**<br><br>ആഴ്ചയിൽ ഒരു വിഷയം നൽകുന്നു വിഷയത്തെക്കുറിച്ച് കുറഞ്ഞത് അഞ്ച് വാക്യമെങ്കിലും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ |
| കുട്ടികളിൽ സാന്മാർഗിക ചിന്ത വളർത്തുക ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ തിരിച്ചറിയുക | ഗാന്ധി ദർശൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് മൈം, ലഹരി വിരുദ്ധ പ്രതിജ്ഞ, ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ്, പോസ്റ്റർ രചനയും പ്രദർശനവും, സെമിനാർ, എന്നിവ സംഘടിപ്പിക്കുന്നു. | | | |
| | **എന്റെ വിദ്യാലയം ഹരിത വിദ്യാലയം**<br><br>സ്കൂൾ ശുചിത്വസേന രൂപീകരിക്കുന്നു , ആഴ്ച്ചയിൽ ഒരു ദിവസം ഡ്രൈ ഡേ<br>സ്കൂൾ പരിസരത്തുള്ള പ്ലാസ്റ്റിക്, പേപ്പർ, മറ്റു മാലിന്യങ്ങൾ തുടങ്ങിയവ ശേഖരിച്ചു തരാം തിരിച്ചു വെസ്റ്റ് ബിന്നിൽ നിക്ഷേപിക്കുന്നു | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു ആരോഗ്യം വ്യായാമം പോഷക ആഹാരം വ്യത്യസ്തമായ ഭക്ഷണങ്ങൾ എന്നിവയെ തിരിച്ചറിയുന്നു | ശാസ്ത്ര വിഷയങ്ങളിലെ ആഹാരവും ആരോഗ്യവുമായി ബന്ധപെട്ടു വരുന്ന പ്രവർത്തനങ്ങൾക്കു അനുബന്ധമായി നാം ഉപയോഗിക്കുന്ന വ്യത്യസ്ത ഭകഷണ വസ്തുക്കൾ ഉൾപ്പെടുത്തി ഭക്ഷ്യ ദിനവുമായി ബന്ധപ്പെട്ട് ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br><br>വേൾഡ് മില്ലറ്റ് ടെയിൽ ചെറു ധാന്യങ്ങളെക്കുറിച്ച് ക്ലാസ്സ് സംഘടിപ്പിക്കുന്നു. ചെറു ധാന്യങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ആഹാരങ്ങൾ ഉൾപ്പെടുത്തചി മില്ലറ്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br><br>യോഗ ദിനത്തിൽ യോഗ ക്ലാസ് സംഘടിപ്പിക്കുന്നു യോഗയുടെ പ്രാധാന്യവും ആരോഗ്യവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. | | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ | ഒരു അധ്യായന വർഷം ചുമതലയുള്ള അധ്യാപകർ |